(സി) വിവരാവകാശ നിയമത്തിന്റെ വകുപ്പ് 8 ക്ലോസ് (1) പ്രകാരം ചില പ്രത്യേക വിവരങ്ങളെ വിവരാവകാശ നിയമപ്രകാരമുള്ള വെളിപ്പെടുത്തലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതിൽ ഭാരതത്തിന്റെ പരമാധികാരത്തെയും അഖണ്ഡതയെയും, രാജ്യത്തിന്റെ സുരക്ഷിതത്ത്വത്തെയും തന്ത്രപ്രാധാന്യത്തെയും, ശാസ്ത്രീയവും സാമ്പത്തികവുമായ താൽപ്പര്യങ്ങളെയും, വിദേശ രാജ്യങ്ങളുമായുള്ള ബന്ധത്തെയും ഹാനികരമായി ബാധിക്കുന്ന വിവരങ്ങൾ, ഒരു കുറ്റകൃത്യത്തിന് പ്രേരണ നൽകുന്ന വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടും. സെക്ഷൻ 24(4) വകുപ്പ് പ്രകാരം വിജിലൻസ് വകുപ്പിന്റെ "T" ബ്രാഞ്ചിനെ വിവരാവകാശ നിയത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയത് വകുപ്പ് 8(1)-ന് വിരുദ്ധമല്ല.

കൈക്കൂലി വാങ്ങുന്നതിനെതിരെ നടപടി

13 (1745) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കൈക്കൂലി വാങ്ങുന്നതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കൈക്കൂലി വാങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച സർക്കാർ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വയോജനക്ഷേമ വകുപ്പ് രൂപീകരണം

14 (1746) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുതിർന്ന പൗരൻമാർക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് വയോജനക്ഷേമ വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

വയോജനക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിന് നാളിതുവരെ തീരുമാനിച്ചിട്ടില്ല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly